കറ്റ്യാടി നാളികേര പാർക്കിന്റെ പ്രവർത്തന പുരോഗതി

219 (3373) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കറ്റ്യാടി നാളികേര പാർക്കിന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത നാളികേര പാർക്ക് എപ്പോൾ പ്രവർത്തനസജ്ജമാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ കറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന് 115 ഏക്കർ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പോക്കുവരവ് നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ രണ്ട് വർഷത്തിനകം പ്രസ്തുത പാർക്ക് പ്രവർത്തനം ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി

220 (3374) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ നിക്ഷേപത്തിനായി നടപ്പാക്കിയ എമർജിംഗ് കേരളയിൽ കരാർ വച്ച വ്യവസായ സംരംഭങ്ങളിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണമാണ് ആരംഭിക്കാത്തതെന്ന് വിശദീകരിക്കുമോ ;

(ബി) കരാറിൽ ഏർപ്പെട്ട വ്യവസായ സംരംഭങ്ങളുടെ നിർമ്മാണം മുടങ്ങാനുള്ള കാരണം വ്യക്തമാക്കുമോ; ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കരാറിൽ ഏർപ്പെട്ട വ്യവസായ സംരംഭങ്ങളുടെ നിർമ്മാണം മുടങ്ങാനുള്ള കാരണം വ്യക്തമാക്കുമോ; ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ-സി) 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള സംഗമത്തിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ കരാർ ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

വച്ചിരുന്നില്ല. എന്നാൽ, എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. ഇതിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഇവയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികളാണുള്ളത്. ഈ 19 പദ്ധതികളിൽ രണ്ടെണ്ണം പൂർത്തിയായി. ബാക്കിയുള്ള 17 പദ്ധതികൾ പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

കൊട്ടാരക്കര വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും നടപ്പിലാക്കിയ പ്രവൃത്തികളും

221 (3375) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കരീപ്ര മിനി വ്യവസായ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റേതായി ഒരു ഏക്കർ ആറ് സെന്റ് ഭൂമിയുണ്ട്.

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ചെയ്ത പ്രവൃത്തികൾ

1. 283 സംരംഭക യൂണിറ്റുകൾ തുടങ്ങുന്നതിനായി EM Part-II ഫയൽ ചെയ്തിട്ടുണ്ട്.
2. PMEGP പദ്ധതി പ്രകാരം 13 യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. അവയുടെ പദ്ധതി ചെലവ് - 1,13,00,000 രൂപ.
3. സംരംഭക സഹായ പദ്ധതിപ്രകാരം 19 വ്യവസായ യൂണിറ്റുകൾക്കായി 33.38 ലക്ഷം രൂപ സബ്സിഡിയിനത്തിൽ നൽകി.
4. കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 4 സെമിനാറും 7 ഇൻഡസ്ട്രിയൽ അവയർനസ് പ്രോഗ്രാമും 3 സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗും നടത്തി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly